**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4657** **29-10-2021 - ൽ മറുപടിയ്ക്ക്**

**സർക്കാർ ഓഫീസുകളിലെ ബില്ലുകൾ ഇ-മെയിൽ വഴി ലഭ്യമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കേരള വാട്ടർ അതോറിറ്റി പേപ്പർ രഹിത ബില്ലിംഗ് സംവിധാനം സംസ്ഥാനം മുഴുവനും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | ഇല്ല. എന്നാൽ കോവിഡ് വ്യാപന പശ്ചാത്തലത്തിൽ പേപ്പർ ബില്ലുകൾ നൽകുന്നതിന് പകരം ഫോണിലേക്ക് എസ്.എം.എസ് അയയ്ക്കുന്ന സംവിധാനം ആദ്യ ഘട്ടമായി തിരുവനന്തപുരത്തെ രണ്ടു ഡിവിഷനുകളിൽ (നോർത്തും സൗത്തും) നടപ്പിലാക്കി വരുന്നു. |
| (ബി) | പ്രസ്തുത സംവിധാനം നടപ്പിലാക്കിയതുമൂലം സർക്കാർ ഓഫീസുകളിലെ കുടിവെള്ള ബില്ലുകൾ ഫയൽ മുഖേന പാസ്സാക്കാൻ പ്രയാസം നേരിടുന്നത് സംബന്ധിച്ച് എന്തെങ്കിലും പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | അത്തരം പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | സർക്കാർ ഓഫീസുകളിലെ ബില്ലുകൾ ഇ-മെയിൽ വഴി നൽകുന്നതിനുള്ള ക്രമീകരണം ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കാമോ? | (സി) | വാട്ടർ അതോറിറ്റിയുടെ ഇ-പേയ്മെന്റ് സൈറ്റിൽ നിന്ന് ബില്ലുകൾ ഡൗൺലോഡ് ചെയ്ത് പ്രിന്റ് എടുക്കുന്നതിനുള്ള സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സർക്കാർ ഓഫീസുകൾക്ക് ബില്ലുകൾ ഈ-മെയിൽ മുഖേന അറിയിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ